DR. SURESH ADVANI'S
SMITA MEMORIAL
HOSPITAL AND RESEARCH CENTRE
04862 208000, 350700, +91 9496143852
SH8, Vengalloor, Thodupuzha, Kerala - 685608
info@smitahospital.com I www.smitahospital.com

Mathrubhumi
മാതൃഭൂമി

# കുവൈത്ത് സ്വദേശിനിക്ക് ലീഡ് ലെസ് പേസ് മേക്കർ വെച്ച് സ്മിത മെമ്മോറിയൽ ആശുപത്രി



▶ തൊടുപുഴ സ്മിത മെമ്മോറിയൽ ആശുപത്രിയിൽ സ്പൈൻ സർജറിക്ക് വിധേയയായ കുവൈത്ത് സ്വദേശിനി സബീഹ ഹതാലിന് പേസ് മേക്കർ ഘടിപ്പിച്ച കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. പ്രവീൺ ചാക്കോയ്ക്ക് സബീഹയുടെ മകൻ മൊഹമ്മദ് അൽജാർവാൻ നന്ദി സൂചകമായി ഉപഹാരം കൈമാറുന്നു

**തൊടുപുഴ**▸ നട്ടെല്ലിന് ശസ്ത്രക്രിയയ്ക്ക് എത്തിയ കുവൈത്ത് സ്വദേശിനിക്ക് ഹൃദയമിടിപ്പിലെ തകരാർ പരിഹരിച്ചശേഷം വിജയകരമായി സ്പൈൻ സർജറി നടത്തി തൊടുപുഴ സ്മിത മെമ്മോറിയൽ ആശുപത്രി. 57-വയസ്സുകാരിയായ ഇവർക്ക് മുൻപ് മൂന്നു തവണ നട്ടെല്ലിന് ശസ്ത്രക്രിയ നടത്തിയെങ്കിലും ഭേദമാകാത്തതിനെ തുടർന്നാണ് കേരളത്തിലെത്തിയത്.

ശസ്ത്രക്രിയ തീരുമാനിച്ചശേഷം നടന്ന ക്ലിയറൻസ് പരിശോധനയിലാണ് ഹൃദയത്തിന് പ്രശ്നമുണ്ടെന്ന് കണ്ടെത്തിയത്. സാധാരണ പേസ്മേക്കർ ഘടിപ്പിച്ചാൽ രോഗിക്ക് നട്ടെല്ലിന്റെ ശസ്ത്രക്രിയയ്ക്കായി കമിഴ്ന്നുകിടക്കാൻ സാധിക്കില്ലെന്നതു വെല്ലുവിളിയായി.

ഇതേ തുടർന്നാണ് അതിനൂതനമായ മൈക്ര എവി ലീഡ്ലെസ് പേസ്മേക്കർ വെച്ചുപിടിപ്പിക്കാൻ തീരുമാനിച്ചത്. ഇന്ത്യയിൽ വളരെ അപൂർവമായിമാത്രം ഉപയോഗിച്ചിട്ടുള്ള ലീഡ് ലെസ് പേസ് മേക്കർ ലോകത്തിലെ ഏറ്റവും ചെറിയ പേസ്മേക്കറാണ്. ഒരു ഗുളികയുടെ മാത്രം വലുപ്പമുള്ള ഇത് മുറിവുകളൊന്നും കൂടാതെ ഹൃദയത്തിനകത്ത് ഘടിപ്പിക്കാം. അണുബാധയ്ക്കുള്ള സാധ്യത കുറവാണെന്നതും ഓരോ വ്യക്തിക്കും അനുയോജ്യമായ രീതിയിൽ സെറ്റിങ്സുകൾ തയ്യാറാക്കി വെയ്ക്കാമെന്നതും രോഗമുക്തി വേഗമാണെന്നതും ദീർഘകാലം നിലനിൽക്കുമെന്നതും പ്രത്യേകതകളാണ്.

ലീഡ്ലെസ് പേസ് മേക്കർ ഘടിപ്പിച്ച് തൊട്ടടുത്ത ദിവസം തന്നെ 12 മണിക്കൂർ നീളുന്ന സ്പൈൻ സർജറി വിജയകരമായിനടത്തി. കാർഡിയോളജി വിഭാഗം മേധാവി ഡോ. പ്രവീൺ ചാക്കോയുടെ നേതൃത്വത്തിലായിരുന്നു പേസ് മേക്കർ ഘടിപ്പിച്ചത്. ന്യൂറോ ആൻഡ് സ്പൈൻ സർജറി വിഭാഗം മേധാവി ഡോ. ആദർശ് മാനുവലിന്റെ നേതൃത്വത്തിലായിരുന്നു സ്പൈൻ സർജറി.

ചികിത്സ വിജയകരമായി പൂർത്തിയാക്കിയശേഷം രോഗി ആശുപത്രിവിട്ടു. കൂടുതൽ വിവരങ്ങൾക്ക്: 919778404913, 04862 208000.

17/06/2023 IDUKKI Pg 02